# പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

10.06.2013 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.90

## വനം വകുപ്പുമന്ത്രി രാജി വെച്ചപ്പോൾ കൈമാറിയ ഫയലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ എം.ആരിഫ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വനം വകുപ്പുമന്ത്രി ആയിരുന്ന ശ്രീ.കെ.ബി.ഗണേഷ് കുമാർ മന്ത്രിസ്ഥാനം രാജിവെയ്ക്കുന്നതിനു മുമ്പായി തന്റെ പരിഗണനയ്ക്കു വന്ന എത്ര ഫയലുകളിൽ തീരുമാനം എടുക്കാതെ മുഖ്യമന്ത്രിക്ക് കൈമാറുകയുണ്ടായി;<br><br>(ബി) അവയിൽ ഇപ്പോഴും തീരുമാനം എടുക്കാതെ മുഖ്യമന്ത്രിയുടെ പരിഗണന-യിലിരിക്കുന്ന ഫയലുകൾ എത്ര ; അവ ഏതൊക്കെ വിഷയങ്ങളുമായി ബന്ധപ്പെട്ടവ-യാണെന്ന് വിശദമാക്കാമോ ; | എ & ബി രണ്ട് ഫയലുകൾ ഉത്തരവില്ലാതെ വകുപ്പിലേയ്ക്ക് തിരിച്ചയയ്ക്കുകയുണ്ടായി. പ്രസ്തുത ഫയലുകൾ പിന്നീട് വനം വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (സി) മന്ത്രിയായിരുന്ന ശ്രീ.കെ.ബി. ഗണേഷ് കുമാർ രാജിവെച്ച ദിവസം വനം വകുപ്പിന്റെ എത്ര ഫയലുകളിൽ തീരുമാനം എടുക്കുകയുണ്ടായി ; പ്രസ്തുത ഫയലുകളിലെ തീരുമാനങ്ങൾ ഗവ. ഉത്തരവായി ഇതിനകം പുറപ്പെടുവിച്ചിട്ടുള്ളവ ഏതൊക്കെ കേസുകളിലാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | സി) വനം വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.കെ.ബി.ഗണേഷ് കുമാർ രാജിവച്ച ദിവസം ഒപ്പുവച്ച ഒരു ഫയലും വനം വകുപ്പിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.